(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയേഴാമത് റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പിന്നോക്ക സമുദായക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(5) പരിസ്ഥിതി സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പരിസ്ഥിതി സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : 5-3-2001-ൽ സഭ ചേരുന്നതല്ല എന്ന കാര്യമാണ് റിപ്പോർട്ടിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly